"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ വനിതകളുടെ നേതൃത്വത്തിൽ വിവിധ ജില്ലകളിൽ ആരംഭിച്ചിട്ടുള്ള LED ബൾബ് നിർമ്മാണം/സ്ട്രീറ്റ് ലൈറ്റ് റിപ്പയറിംഗ് യൂണിറ്റുകളിൽ നിന്ന് **ടെണ്ടർ നടപടി കൂടാതെ** LED ബൾബുകൾ വാങ്ങുന്നതിനും, സ്ട്രീറ്റ് ലൈറ്റ് റിപ്പയറിംഗ് വർക്കുകൾ ചെയ്യുന്നതിനും അനുമതി നൽകികൊണ്ടുള്ള ഉത്തരവ്- ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി)വകുപ്പ്**

സ.ഉ.(സാധാ) നം.1574/2025/LSGD തീയതി,തിരുവനന്തപുരം, 24-06-2025

---

പരാമർശം:- 1. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 23.07.2018 ലെ 6781/ഡി/2018/KSHO നമ്പർ കത്ത്

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മറ്റിയുടെ 13.08.2018 ൽ ചേർന്ന യോഗത്തിന്റെ 4.34 തീരുമാനം

3. സ.ഉ(സാധാ) നമ്പർ 2385/2018/തസ്വഭവ , തീയതി 06/09/2018

4. സ.ഉ(സാധാ) നമ്പർ 455/2019/തസ്വഭവ തീയതി, 28/02/2019

5. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 29.11.2024 ലെ 6781/ഡി/2018/KSHO നമ്പർ കത്ത്

6. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മറ്റിയുടെ 05.12.2024 ൽ ചേർന്ന യോഗത്തിന്റെ 3.8 തീരുമാനം

7. സ.ഉ(സാധാ) നമ്പർ 403/2025/തസ്വഭവ തീയതി, 09/02/2025

8. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മറ്റിയുടെ 24.04.2025 ലെ 4.33 തീരുമാനം

**<u>ഉത്തരവ്</u>**

കുടുംബശ്രീ വനിതകളുടെ നേതൃത്വത്തിൽ 9 ജില്ലകളിലായി (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം, തൃശ്ശൂർ, വയനാട്, കാസർഗോഡ്, കോഴിക്കോട്) 14 LED ബൾബ് നിർമ്മാണ യൂണിറ്റും, സ്ട്രീറ്റ് ലൈറ്റ് റിപ്പയറിംഗ് യൂണിറ്റും ആരംഭിച്ചിട്ടുണ്ട്. കുടുംബശ്രീ

ഡയറക്ടറുടെ പരാമർശം (1) കത്തിൽ പ്രതിപാദിച്ചിട്ടുള്ള നിർമ്മാണ യൂണിറ്റിൽ നിന്നും ടെണ്ടർ കൂടാതെ LED ബൾബ് വാങ്ങുന്നതിനും സ്ട്രീറ്റ് ലൈറ്റ് റിപ്പയറിംഗ് ഈ യൂണിറ്റുകളെ ഏൽപ്പിക്കുന്നതിനും അനുമതി ആവശ്യപ്പെടുകയും, കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 13.08.2018 ലെ യോഗത്തിൽ ഈ വിഷയം പരിഗണിക്കുകയും നിബന്ധനകളോടെ കുടുംബശ്രീ വനിതകളുടെ നേതൃത്വത്തിൽ വിവിധ ജില്ലകളിൽ ആരംഭിച്ചിട്ടുള്ള LED ബൾബ് നിർമ്മാണം/സ്ട്രീറ്റ് ലൈറ്റ് റിപ്പയറിംഗ് യൂണിറ്റുകളിൽ നിന്ന് ടെണ്ടർ നടപടി കൂടാതെ LED ബൾബുകൾ വാങ്ങുന്നതിനും, സ്ട്രീറ്റ് ലൈറ്റ് റിപ്പയറിംഗ് വർക്കുകൾ ഈ യൂണിറ്റുകളെ ഏൽപ്പിക്കുന്നതിനും **മാനദണ്ഡങ്ങൾക്ക്** വിധേയമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പരാമർശം (3) പ്രകാരം അനുമതി നൽകി ഉത്തരവായിരുന്നു. തുടർന്ന് പരാമർശം (3) ഉത്തരവിലെ തെറ്റ് തിരുത്തി പരാമർശം (4) പ്രകാരം തിരുത്തൽ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

പരാമർശം (3) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ കുടുംബശ്രീയുടെ എല്ലാ LED ബൾബ് നിർമ്മാണ യൂണിറ്റിൽ നിന്നും ടെണ്ടർ നടപടികൂടാതെ LED ലൈറ്റ് വാങ്ങുന്നതിനും തെരുവ് വിളക്ക് സ്ഥാപിക്കാനുമാണ് അനുമതി നൽകിയതെന്നതിൽ അവ്യക്തത നിലനിൽക്കുന്ന കാര്യം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മറ്റിയുടെ 05.12.2024 ൽ ചേർന്ന യോഗം ചർച്ച ചെയ്യുകയും തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം, തൃശ്ശൂർ, വയനാട്, കാസർഗോഡ്, കോഴിക്കോട് യൂണിറ്റുകളിൽ നിന്ന് മാത്രമാണ് ടെണ്ടർ കൂടാതെ എൽ.ഇ.ഡി ലൈറ്റ് വാങ്ങുന്നതിന് അനുമതി നൽകിയിട്ടുള്ളതെന്ന പരാമർശം (6) പ്രകാരമുള്ള കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (7) പ്രകാരം വ്യക്തത വരുത്തി ഭേദഗതി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

കുടുംബശ്രീ വനിതകളുടെ നേതൃത്വത്തിൽ വിവിധ ജില്ലകളിലായി പുതിയതായി ആരംഭിച്ച 15 നിർമ്മാണ യൂണിറ്റുകൾക്ക് കൂടി ടെണ്ടർ നടപടി കൂടാതെ LED ബൾബുകൾ വാങ്ങുന്നതിനും, സ്ട്രീറ്റ് ലൈറ്റ് റിപ്പയറിംഗ് വർക്കുകൾ നടത്തുന്നതിനും അനുമതി നൽകണമെന്ന പരാമർശം (5) ലെ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ ശിപാർശ 24.04.2025 ൽ ചേർന്ന കോ-ഓർഡിനേഷൻ കമ്മിറ്റി ചർച്ച ചെയ്യുകയും പരാമർശം (8) പ്രകാരം തീരുമാനമെടുക്കുകയും ചെയ്തു. പ്രസ്തുത തീരുമാനപ്രകാരം ചുവടെ ചേർക്കുന്ന നിബന്ധനകൾക്ക് വിധേയമായി **അനുബന്ധമായി** ചേർത്തിരിക്കുന്ന 8 എൽ.ഇ.ഡി യൂണിറ്റുകളിൽ നിന്ന് ടെണ്ടർ നടപടി കൂടാതെ LED ബൾബുകൾ വാങ്ങുന്നതിനും, സ്ട്രീറ്റ് ലൈറ്റ് റിപ്പയറിംഗ് വർക്കുകൾ നടത്തുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

i) ഓരോ യൂണിറ്റിന്റെയും ഉൽപന്നത്തിന്റെ സാമ്പിളിന്റെ ഗുണനിലവാരം സംബന്ധിച്ച് സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ ഇലക്ട്രിക്കൽ വിഭാഗത്തിന്റെയോ മറ്റ് സർക്കാർ വകുപ്പിന്റെയോ സാക്ഷ്യപത്രം വാങ്ങിയിട്ടുണ്ടെന്ന് ഉറപ്പാക്കണം.

ii) സ്ട്രീറ്റ് ലൈറ്റ് റിപ്പയറിംഗിന് ലൈസൻസ് അടക്കമുള്ള നിബന്ധനകളും സർക്കാർ നിർദ്ദേശിച്ച നിരക്കും പാലിക്കണം.

(iii) മുകളിൽ പറഞ്ഞ 8 യൂണിറ്റുകളുടെയും കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 13.08.2018- ലെ യോഗത്തിൽ അനുമതി നൽകിയ 14 യൂണിറ്റുകളുടെയും LED ബൾബുകളുടെ ഗുണനിലവാരം സംബന്ധിച്ച് ഓരോ രണ്ടു വർഷവും ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിലെ ഇലക്ട്രിക്കൽ വിഭാഗത്തിന്റെയോ ഈ മേഖലയിൽ സാങ്കേതിക വൈദഗ്ദ്ധ്യമുള്ള മറ്റ് സർക്കാർ സ്ഥാപനങ്ങളുടെയോ സാക്ഷ്യപത്രം വാങ്ങേണ്ടതാണ്.

പരാമർശം (3) സർക്കാർ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
2. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) തിരുവനന്തപുരം
4. ചീഫ് മിഷൻ ഡയറക്ടർ , ഇൻഫർമേഷൻ കേരള മിഷൻ.
5. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിങ്, ഐ & പി ആർ ഡി
6. കരുതൽ ഫയൽ (ഡി.ബി3/182/2025/എൽ.എസ്.ജി.ഡി)

ഉത്തരവിൻ പ്രകാരം

Signed by
Smitha L
സെക്ഷൻ ഓഫീസർ
Date: 24-06-2025 12:56:42